## കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

**സംയോജിത നീർത്തട പരിപാലന പരിപാടി** (IWMP IGI)

**ജൂൺ 5 2015**

**ലോക പരിസ്ഥിതി ദിനം**

# ആയുർ വനം 2015

**ഒരു നീർത്തടം ആയിരം വൃക്ഷങ്ങൾ**

**700 കോടി സ്വപ്നങ്ങൾ ഒരു ഗ്രഹം**

**ഉപയോഗം കരുതലോടെ**

## മുൻ വർഷങ്ങളിൽ

**2014 ………………………………………………………………………..**






# ഉള്ളടക്കം

- സർക്കുലർ
- നോട്ടീസ്
- പ്രതിജ്ഞ
- വാമൊഴി
- ഉദ്ഘാടന ചിത്രങ്ങൾ
- കുടുംബ കൃഷി കൂട്ടായ്മ

# സർക്കുലർ

2/6/15

നമ്പർ549/എസ്.എൽ.എൻ.എ2/2015

ഗ്രാമവികസന കമ്മീഷണറുടെ കാര്യാലയം
സ്വരാജ് ഭവൻ, തിരുവനന്തപുരം
തിയതി :29.05.2015

## സർക്കുലർ

വിഷയം : സംയോജിത നീർത്തട പരിപാലന പരിപാടി - ജൂൺ 5- ലോക പരിസ്ഥിതി ദിനം - പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ ജൂൺ 5 ലോക പരിസ്ഥിതി ദിനമായി ലോകമെങ്ങും ആചരിച്ചു വരുന്നു. മനുഷ്യസമൂഹവും മറ്റു ജീവജാലങ്ങളും നേരിടുന്ന പാരിസ്ഥിതികമായ വെല്ലുവിളികളെക്കുറിച്ച് ബോധവല്കരണം സാധ്യമാക്കുന്നതിനും പരിസ്ഥിതി സൗഹൃദപരമായ വികസന മാതൃകകൾ പ്രചരിപ്പിക്കുന്നതിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഈ അവസരത്തിൽ സംഘടിപ്പിക്കേണ്ടതാണ്. സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഭാഗമായി നീർത്തട പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ഡബ്ല്യു.സി.ഡി.സി. കളുടെയും പി.ഐ.എ.-കളുടെയും നേതൃത്വത്തിൽ പ്രകൃതി വിഭവപരിപാലനം, സുസ്ഥിര വികസനം തുടങ്ങിയ ആശയങ്ങൾ ജനങ്ങളിലേക്കെത്തിക്കുവാനുതകുന്ന വൈവിദ്ധ്യമാർന്ന പഠന-ബോധവത്കരണ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുന്നു.

കൂടാതെ, പരിസ്ഥിതി ദിനത്തിന്റെ ഭാഗമായി, ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ നീർത്തട പ്രദേശങ്ങളിലും 'കുടുംബകൃഷി കൂട്ടായ്മകൾ' രൂപീകരിക്കേണ്ടതാണ്. അടുത്തടുത്തുള്ള 30-40 അയൽക്കൂട്ട കുടുംബങ്ങളെ ചേർത്ത് 'കുടുംബകൃഷി കൂട്ടായ്മ'കൾ സംഘടിപ്പിക്കുകയും അവർക്ക് ജൈവ പച്ചക്കറി കൃഷി ചെയ്യുന്നതിനാവശ്യമായ പരിശീലനം കൃഷി വകുപ്പിന്റെയോ കൃഷി വിജ്ഞാനകേന്ദ്രയുടെയോ സഹായത്തോടെ നല്കുകയും ചെയ്യേണ്ടതാണ്. പരിശീലനം ലഭിക്കുന്ന കുടുംബങ്ങൾക്ക് കൃഷി ചെയ്യുന്നതിനാവശ്യമായ മെച്ചപ്പെട്ടയിനം വിത്തിനങ്ങൾ, ജൈവവളം, ജൈവകീടനാശിനി തുടങ്ങിയവ ലഭ്യമാക്കുന്നതിനാവശ്യമായ സംവിധാനവും ഒരുക്കേണ്ടതാണ്. നാലോ അഞ്ചോ 'കുടുംബകൃഷിക്കൂട്ടായ്മ'കൾക്ക് ഇത്തരത്തിൽ ആവശ്യമായ സാമഗ്രികൾ എത്തിച്ചുനല്കുന്നതിന് 5 പേരടങ്ങുന്ന ഓരോ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളെ വീതം സജ്ജമാക്കാവുന്നതാണ്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന ജെ.എൽ.ജി.കളെ കാർഷിക രംഗത്ത് ശാസ്ത്രീയമായി ഇടപെടാൻ കഴിയുന്ന തരത്തിൽ മെച്ചപ്പെട്ട പരിശീലനം നല്കി സജ്ജമാക്കേണ്ടതാണ്. 'കുടുംബകൃഷിക്കൂട്ടായ്മ'യിൽപ്പെട്ട കുടുംബങ്ങൾക്ക് കൃഷി

ചെയ്യുമ്പോൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിന് ജെ.എൽ.ജി.-കളെ പ്രാപ്തരാക്കേണ്ടതാണ്. ഇപ്രകാരം രൂപീകരിക്കപ്പെടുന്ന ജെ.എൽ.ജി.-കൾക്കും 'കുടുംബകൃഷികൂട്ടായ്മ'കൾക്കും 'ഉല്പാദന സമ്പ്രദായം മെച്ചപ്പെടുത്തൽ', ജീവനോപാധി പ്രവർത്തനം തുടങ്ങിയ ഘടകങ്ങളിൽ ഏതിലെങ്കിലും ഉൾപ്പെടുത്തി അർഹമായ ധനസഹായം നൽകാവുന്നതാണ്. 'കുടുംബകൃഷികൂട്ടായ്മ'കൾ രൂപീകരിക്കുന്ന പ്രവർത്തനം ജൂൺ 5-ന് ആരംഭിക്കേണ്ടതാണ്. ഓരോ ചെറുനീർത്തടത്തിലും ഏറ്റവും കുറഞ്ഞത് 5 'കുടുംബകൃഷി കൂട്ടായ്മ'കളെങ്കിലും രൂപീകരിക്കേണ്ടതും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുമാണ്. ഇതുസംബന്ധിച്ച റിപ്പോർട്ട് ജൂലായ് 20-നകം സംസ്ഥാനതല നോഡൽ ഏജൻസിക്ക് സമർപ്പിക്കേണ്ടതാണ്.

ഒപ്പ്
ഗ്രാമവികസന കമ്മിഷണർ

അംഗീകാരത്തോടെ,

ജോയിന്റ് ഡവലപ്മെന്റ് കമ്മീഷണർ

പകർപ്പ്

എല്ലാ ഡബ്ല്യു.സി.ഡി.സി.-കൾക്കും
എല്ലാ പദ്ധതി നിർവ്വഹണ ഏജൻസികൾക്കും

<u>**നോട്ടീസ്**</u>



കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

സംയോജിത നീർത്തട പരിപാലന പരിപാടി (IWMP IGI)

ലോക പരിസ്ഥിതി ദിനാഘോഷം

**ആയുർവനം-2015**

2015 ജൂൺ 5 ([redacted]) വൈകുന്നേരം 3.30ന്

ചെമ്പട്ടി കോളനി, ചുണ്ടേൽ

**ഹെർബൽ ഗാർഡൻ ഉദ്ഘാടനം**

**&**

**വൃക്ഷത്തൈ നടൽ**

ഉദ്ഘാടനം : **ശ്രീ. പി. കെ. അനിൽകുമാർ**

(ബഹു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്)

അദ്ധ്യക്ഷൻ : **ശ്രീ. പി. ഗഗാറിൻ**

(പ്രസിഡന്റ്, വൈത്തിരി ഗ്രാമപഞ്ചായത്ത്)

*Noble Offset Press, Kalpetta. Ph : 9249770934*

# പ്രവർത്തന റിപ്പോർട്ട്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പരിപാടി കണങജ കഏക പദ്ധതിയിൽ ഉൾപ്പെടുത്തി 2015 ജൂൺ 5 പരിസ്ഥിതി ദിനത്തിൽ വൈത്തിരി ഗ്രാമ പഞ്ചായത്തിലെ അമ്മാറ നീർത്തടത്തിൽ ആയുർവനം 2015 എന്ന പേരിൽ ആദിവാസി പണിയ വിഭാഗത്തിൽ ഉൾപ്പെടുന്ന ചെമ്പട്ടി പണിയ കോളനി യിൽ ഔഷധ സസ്യങ്ങളുടെ ഒരു തോട്ടം നിർമ്മിച്ചു നൽകി. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡ ് ശ്രീമതി. റുഖിയ ടീച്ചറുടെ അദ്ധ്യക്ഷതയിൽ വൈത്തിരി ഗ്രാമ പഞ്ചായത്ത് പ്രസിഡ ് ശ്രീ. പി ഗഗാറിൻ പദ്ധതി ഉദ്ഘാടനം നിർവ്വഹിച്ചു. കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് ക്ഷേമ കാര്യസ്റ്റാന്റിംങ് കമ്മിറ്റി ചെയർപേഴ്സൺ ശ്രീമതി. ആയിഷ ഹനീഫ സ്വാഗതം പറഞ്ഞു. കൽപ്പറ്റ സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ സഹകരണത്തോടെ ഒരു നീർത്തടം ആയിരം വൃക്ഷങ്ങൾ എന്ന പദ്ധതിയും നടപ്പിലാക്കി. അമ്മാറ നീർത്തട പ്രദേശത്തെ 647 വീടുകളിലും മര ങ്ങൾ നട്ടു പിടിപ്പിക്കാൻ സാധിച്ചു എന്നത് വിജയമായി കാണുന്നു. ഔഷധ സസ്യ ത്തോട്ടം നിർമ്മിക്കുക വഴി ഗോത്ര വിഭാഗത്തിൽ മരുന്ന് നിർമ്മാണത്തിൽ വൈദഗ്ധ്യ മുള്ള ആളുകൾക്ക് ചെറിയ രോഗങ്ങൾക്ക് ആശുപത്രിയെ ആശ്രയിക്കേ ി വരില്ല.

## <u>പ്രതിജ്ഞ</u>

പ്രകൃതി മണ്ണ് ജല സംരക്ഷണത്തിലൂന്നിയ പ്രവർത്തനങ്ങൾ മനുഷ്യരാശിയു ടെയും വരും തലമുറയുടെയും നിലനിൽപ്പിനായാവണം. വരും തലമുറയ്ക്കും നമ്മെ പോലെ ജീവിക്കാനുള്ള സാഹചര്യങ്ങൾ നിലനിർത്തുക എന്നതാണ് നമ്മൾ ഈ അവസരത്തിൽ നാം ഓരോരുത്തരെയും പ്രകൃതിയുടെ നിലനിൽപ്പിനായി പ്രവർത്തി ക്കുമെന്ന് പ്രതിജ്ഞ എടുക്കുന്നു. വന നശീകരണം മൂലം ആഗോള താപനം നേരിട്ടു കൊ ിരിക്കുന്ന ഈ കാലഘട്ടത്തിൽ മരങ്ങൾ വെച്ചു പിടിപ്പിച്ചുകൊ ് ഒരു നല്ല നാളെ വരും തലമുറയ്ക്ക് പുനർ സൃഷ്ടിക്കാം എന്ന് ഇതിനാൽ പ്രതിജ്ഞ ചെയ്യു ന്നു.

ഉദ്ഘാടന വേളയിലൂടെ



ഉദ്ഘാടകൻ

**പി.ഗഗാറിൻ**

**പ്രസിഡ ്, വൈത്തിരി ഗ്രാമ പഞ്ചായത്ത്**

പ്രകൃതിയെ നശിപ്പിക്കുന്നത് മൂലം പ്രകൃതി ക്ഷോഭങ്ങൾ ഉ ാവുകയും നിരവധി ജീവനുകൾ നഷ്ടപ്പെടുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. ഈ അവസരത്തിൽ മരങ്ങൾ വെച്ച് പിടിപ്പിച്ചും പ്രകൃതി സംരക്ഷണത്തിന് വേ ിയുള്ള മാർഗ്ഗങ്ങൾ അവലംബിച്ചും പ്രകൃതിയെ ശാന്തമാക്കുന്ന ഒരു നല്ല ഭൂമിയെ വരും തലമുറക്കായ് നൽകാൻ നമുക്ക് കഴിയണം പരിസ്ഥിതി ദിനത്തിൽ വൃക്ഷതൈകൾ നട്ടു പിടിപ്പിക്കുന്നത് സർവ്വ സാധാരണമാണ് അതിൽ നിന്ന് വ്യത്യസ്ഥമായി അന്യം നിന്നു കൊ ിരിക്കുന്ന ഔഷധ സസ്യങ്ങൾ വയനാട്ടിലെ ഗോത്ര വർഗ്ഗ വിഭാഗമായ പണിയ സമുദായത്തിന്റെ ചെമ്പട്ടി കോളനിയിൽ വെച്ച് പിടിപ്പിച്ചു കൊ ് ആയുർവനം എന്ന പേരിൽ അന്വർത്ഥമാക്കാൻ കഴിഞ്ഞു എന്നത് കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ വിജയമായി കണക്കാക്കാം.



ശ്രീമതി. റുഖിയ ടീച്ചർ
വൈസ് പ്രസിഡ ്
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയിൽ ഉൾപ്പെടുത്തി വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടു ങ്കിലും ലോക പരിസ്ഥിതി ദിനമായ ഇന്ന് ഇങ്ങനെ ഒരു ഹെർബൽ ഗാർഡൻ നിർമ്മിക്കുക വഴി പഴയ കാലത്തെക്കുള്ള ഒരു തിരിച്ചു പോക്കാണ് മനസ്സിൽ തെളിയുന്നത് യുവ തലമുറയ്ക്ക് പരിചയ മില്ലാത്ത പഴയ മരുന്ന് ചെടികളെ അവർക്ക് പരിചയപ്പെടുത്താനുള്ള ഒരു ഉപാധിയായി ഇതിനെ കാണാൻ സാധിക്കുന്നു.



ശ്രീമതി. ആയിഷ ഹനീഫ
ക്ഷേമ കാര്യസ്റ്റാന്റിംങ് കമ്മിറ്റി
ചെയർപേഴ്സൺ
കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയിൽ ഉൾപ്പെടുത്തി ഇങ്ങനെ ഒരു പദ്ധതി നടപ്പിലാക്കാൻ സാധിച്ചു എന്നതിൽ വളരെ ചാരിതാർത്ഥ്യമു ്. അന്യം നിന്നു പോയികൊ ിരിക്കുന്ന ഈ മരുന്നു ചെടികൾ പുതു തലമുറയ്ക്ക് ഗുണപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു. വിവിധ രോഗങ്ങൾക്ക് മരുന്നുകൾ ഉ ാക്കുന്നതിനുള്ള കഴിവു ് എന്ന് നമ്മൾ വിശ്വസിച്ചിരുന്നു. ഗോത്ര വർഗ്ഗ വിഭാഗത്തിന് ഈ ഔഷധതോട്ടം സമർപ്പിക്കാൻ കഴിഞ്ഞു എന്നതിൽ ഏറെ സന്തോഷിക്കുന്നു.

**ഉദ്ഘാടന ചിത്രങ്ങൾ**











കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്
സംയോജിത നീർത്തട പരിപാലന പരിപാടി (IWMP IGI)
ആയുർവനം 2015
ഹെർബൽ ഗാർഡൻ ചെമ്പട്ടി കോളനി
അമ്മാറ നീർത്തടം
വൈത്തിരി ഗ്രാമ പഞ്ചായത്ത്


കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്
ആയുർവനം 2015
വൈത്തിരി ഗ്രാമ പഞ്ചായത്ത്


ആയുർവനം 2015

ആയുർവനം 2015










കാശാവ്,കായാമ്പൂ








വൈത്തിരി ഗ്രാമ പഞ്ചായത്ത്
Vitex Negundo


കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്
ആയുർവനം

കുടുംബ കൃഷി കൂട്ടായ്മ

കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് IWMP IGI പദ്ധതിയിൽ ഉൾപ്പെട്ട പൊഴുതന 7 നീർത്തടത്തിൽ കുടുംബ കൃഷി കൂട്ടായ്മ രൂപീകരണ യോഗം നടത്തി. നീർത്തട പ്രദേശത്തെ 30 ഓളം വരുന്ന സ്ത്രീകൾ യോഗത്തിൽ പങ്കെടുത്തു. കൽപ്പറ്റ ബ്ലോക്ക് പഞ്ചാ യത്ത് വനിതാ ക്ഷേമ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. ശശീന്ദ്രൻ കുടുംബ കൃഷി നടപ്പാക്കേ തിന്റെ ആവശ്യകതയും സാധ്യതയും എന്ന വിഷയ ത്തിൽ ക്ലാസ്സെടുത്തു. പൊഴുതന ഗ്രാമ പഞ്ചായത്ത് വി.ഇ.ഒ ശ്രീ സജീന്ദ്ര കുമാർ ഡബ്ല്യു.ഡു.റ്റി അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

